"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്-ജീവനക്കാര്യം- കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ജാഫർ അലി യ്ക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.155/2023/LSGD തീയതി,തിരുവനന്തപുരം. 16-08-2023

---

പരാമർശം:- 1. ശ്രീ.ജാഫർ അലി സമർപ്പിച്ച 29.09.2022 തിയതിയിലെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 27.09.2022 ലെ PAN/14505/2022- E14(DP) നമ്പർ കത്ത്, 17.11.2022 ലെ PAN/16972/2022-E14(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ .ജാഫർ അലി-യ്ക്ക് പാർക്കിൻസൺസ് രോഗം കാരണം നിലവിലെ ഡ്രൈവർ തസ്തികയിലെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം അനുവദിച്ച് മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൾ സമർപ്പിച്ച അപേക്ഷ, ശ്രീ. ജാഫർ അലിയ്ക്ക് പാർക്കിൻസൺസ് രോഗമാണെന്നും ആയത് വാഹനം ഓടിയ്ക്കുന്നതിന് തടസ്സമുണ്ടാക്കുമെന്നുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സഹിതമുള്ള അനുബന്ധങ്ങൾ സഹിതം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ.ജാഫർ അലിയ്ക്ക് പാർക്കിൻസൺസ് രോഗത്താൽ നിലവിലെ ഡ്രൈവർ തസ്തികയിലെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാത്തതിനാൽ, ടിയാൾക്ക് സേവനത്തിലിരിക്കെ ഭിന്നശേഷിത്വം സംഭവിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ നിഷ്കർഷിച്ചിരിക്കുന്ന The Rights of Persons with Disabilities Act 2016, സെക്ഷൻ 20(4) -ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ ശമ്പള സ്കെയിൽ സംരക്ഷിച്ച് നൽകി, ഇത് ഒരു കീഴ്വഴക്കമാക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മലപ്പുറം ജില്ലയിൽ ഉചിതമായ സ്ഥലത്ത് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീ.ജാഫർ അലി ,സീനിയർ ഗ്രേഡ് ഡ്രൈവർ, രാമനാട്ടുകര മുനിസിപ്പാലിറ്റി,കോഴിക്കോട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്),കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.1716 തിയതി 09.08.2023 പ്രകാരം)

ധനകാര്യ വകുപ്പ് (e-2378420/ഡെവ-1/31/2023-ധന തിയതി 25.04.2023 പ്രകാരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (01.03.2023 ലെ ADV-ബി2/186/2022 നമ്പർ കുറിപ്പ്)

സാമൂഹ്യ നീതി വകുപ്പ് ( 04.02.2023 ലെ ബി1/355/2022 നമ്പർ കുറിപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/169/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-08-2023 16:45:23